# പള്ളികുദാശാക്കാലം

## വചന വിചിന്തനം

### നാലാം ഞായർ

**മത്താ 22,41-46**

**23/11/2014**

"തന്നെതന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും,
തന്നെതന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (മത്താ 23,12).

സുറിയാനി കത്തോലിക്കരെ സംബന്ധിച്ചടത്തോളം ഇന്ന് തങ്ങളുടെ ആരാധനക്രമവത്സരത്തിന്റെ വർഷാവസാനമാണ് - പള്ളിക്കൂദാശാക്കലത്തിലെ അവസാന ഞായർ. അടുത്ത ഞായർ മുതൽ മംഗളവാർത്തക്കാലം ആരംഭിക്കുകയായി. ഇന്ന് തന്നെയാണ് മിശിഹായുടെ രാജത്വത്തിരുനാൾ സുറിയാനികത്തോലിക്കർ ആഘോഷിക്കുന്നതും.

*തച്ചന്റെ മകനായ് ജനിച്ച ക്രിസ്തുവിന് ആദരവിന്റെയോ അഹങ്കാരത്തിന്റെയോ അഭിദാനങ്ങളില്ലായിരുന്നു. അതിനാൽ, പരിപിതാവ് തന്നെ സ്വയം വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്, "ദൈവത്തിന്റെ ദാസൻമാരുടെ ദാസൻ!"*

കുട്ടിയായിരിക്കുമ്പോൾ 'മിഷ്യൻ ലീഗ്' എന്ന സംഘടനയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഏറെ ആവേശമുണ്ടാക്കിയിരുന്ന ഒരു മുദ്രവാക്യമുണ്ടായിരുന്നു. നേതാവ് ശബ്ദമുയർത്തി ചോദിക്കും, "ആരാ നമ്മുടെ നേതാവ്?" അപ്പോൾ, അണികൾ ഉറച്ച ശബ്ദത്തിൽ, പ്രകമ്പനം കൊള്ളുമാറ് വിളിച്ച് പറയും, "ക്രിസ്തു നമ്മുടെ നേതാവ്." ഒരോ രാജത്വത്തിരുനാളും ക്രിസ്തു നമ്മുടെ നേതാവ് എന്ന് ഉറക്കെ ഘോഷിക്കാനുള്ള അവസരമാണ്. ഒരു സാഹ്യനത്തിൽ ഒരു യുവാവ് കർത്താവിന്റെ അടുത്തെത്തി ചോദിക്കുന്നുണ്ട്, "സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ ഞാൻ എന്ത് ചെയ്യണം?" അതിന് കർത്താവ് നൽകുന്ന മറുപടി ഇപ്രകാരമാണ്, "നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും, പൂർണ ആത്മാവോടും, പൂർണ ശക്തിയോടും കൂടി സ്നേഹിക്കുക." ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആഘോഷിക്കുമ്പോൾ "ക്രിസ്തു നമ്മുടെ നേതാവ്" എന്ന് ഉറക്കെ ഘോഷിക്കുണമെങ്കിൽ കർത്താവിനെ പൂർണഹൃദയത്തോടും, പൂർണ ആത്മാവോടും, പൂർണ ശക്തിയോടും കൂടി സ്നേഹിക്കുവാൻ സാധിക്കണം.

മത്തായിയുടെ സുവിശേഷം 21-ാം അധ്യായം 23-ാം വാക്യം മുതൽ യഹൂദ നേതാക്കൻമാർ കർത്താവിനെ വാക്കിൽ കുടുക്കാൻ ശ്രമിക്കുന്നത് കാണാം. ഈ ശ്രമങ്ങളെല്ലാം പരാജയപ്പെടുത്തി അവരെ വാക്കിൽ കുടുക്കാൻ കർത്താവ് ചോദിക്കുന്ന മറു ചോദ്യമാണ് ഇന്നത്തെ ധ്യാനചിന്ത, "നിങ്ങൾ ക്രിസ്തുവിനെ പറ്റി എന്ത് വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്? ..... അവനോട് ഉത്തരമായി ഒരു വാക്കു പറയാൻ പോലും ആർക്കും കഴിഞ്ഞില്ല" (മത്താ 22,42-46). എന്തുകൊണ്ടാണ് കർത്താവ് അവരെ വാക്കിൽ കുടുക്കിയത് എന്നതിന് ഉത്തരം നൽകുവാനും ഇന്നത്തെ വചനഭാഗത്തിന് സാധിക്കുന്നുണ്ട്. യഹൂദനേതാക്കൻമാർക്കും പുരോഹിതൻമാർക്കും വചനത്തിന്റെ അർത്ഥം വേണ്ടവിധം മനസിലാക്കാൻ സാധിക്കുന്നില്ലെന്ന് കർത്താവ് സമർത്ഥിക്കുകയാണ്.

ഇതിന്റെ കേന്ദ്രബിന്ദു എന്ന് പറയുന്നത് 110-ാം സങ്കീർത്തനത്തിലെ 1-ാം തിരുവചനമാണ്, "കർത്താവ് എന്റെ കർത്താവിനോട് അരുൾ ചെയ്തു." ഇതിൽ ആദ്യത്തെ കർത്താവ് ദൈവവും രണ്ടാമത്തെ കർത്താവ് ദാവീദിന്റെ കുടുംബത്തിൽ നിന്ന് ജനിക്കാനിരിക്കുന്ന പുതിയ രാജാവുമാണ്. തന്റെ കുടുംബത്തിൽ ജനിക്കാനിരിക്കുന്ന കൊച്ചുമകനെ കുറിച്ച് ആത്മാവിൽ പ്രേരിതനായാണ് ദാവീദ് 'കർത്താവ്' എന്ന് വിളിക്കുന്നത്. അതേ സമയം, ദൈവവചനമനുസരിച്ച് മിശിഹാ അനാദിമുതലേ ജീവിച്ചിരു

ന്നവനാണെന്നും വ്യക്തം. ഇതിനെ ഉൾക്കൊള്ളാനും ഈ വചനം മനസിലാക്കാനും യഹൂദർക്ക് സാധിച്ചിരുന്നില്ല.

മിശിഹാ ദാവീദിന്റെ കുടുംബത്തിലാണ് ജനിക്കുക എന്ന് യഹൂദർ ഗ്രഹിച്ചിരുന്നു. കാരണം, അത് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് തന്നെ യഹൂദർ നിനച്ചിരുന്നത്, ദാവീദിന്റെ വംശത്തിലും കുടുബത്തിലും പിറക്കുന്ന മിശിഹ മോശയെപ്പോലെ പ്രവാചകനും, സോളമനെപ്പോളെ വിജ്ഞാനിയും, ദാവീദിനെപ്പോലെ ശക്തനുമായ രാജാവായിട്ടായിരുന്നു (നിയ 18,15; ഏശ 9,1-7). അതിനാൽ, മിശിഹാ വരുമ്പോൾ തന്റെ പിതാവായ ദാവീദിന്റെ മാർഗ്ഗത്തിൽ സംഞ്ചരിച്ച്, ശത്രുക്കളെ പരാജയപ്പെടുത്തി, റോമക്കാരെ തോൽപ്പിച്ച് തന്റെ പിതാവായ ദാവീദിന്റെ നഷ്ടപ്പെട്ട രാജ്യം പുനഃസ്ഥാപിക്കുമെന്ന് യഹൂദർ കരുതിയിരുന്നു. വചനവും വചനത്തിന്റെ വ്യാഖ്യാനവും തങ്ങൾക്കറിയാം എന്ന് അഹംങ്കരിച്ചിരുന്ന യഹൂദർ മിശിഹായിൽ നിന്ന് ഇതാണ് പ്രതീക്ഷിച്ചിരുന്നത്. തങ്ങളുടെ പ്രതീക്ഷയ്ക്ക് വിപരീതമായപ്പോൾ അവർക്ക് മിശിഹായെ ഉൾക്കൊള്ളുവാനോ അവന്റെ വചനം സ്വീകരിക്കാനോ കഴിയുന്നില്ല. കാരണം, വചനം ശ്രവിക്കാൻ മാത്രം തുറവിയില്ലാത്തവരായിരുന്നു അവർ - ഇടുങ്ങിയ മനോഭാവമുള്ള ഗുരുക്കൻമാർ.

രണ്ടാം ലോകമഹാ
യുദ്ധത്തിൽ
ഒത്തുതീർപ്പിനുള്ള
മേശയിൽ
വത്തിക്കാൻ പ്രതിനിധിയെ
ഉൾപ്പെടുത്തണം എന്ന്
ലോകരാഷ്ട്രങ്ങൾ
പറഞ്ഞപ്പോൾ റഷ്യൻ
പ്രസിഡന്റായ സ്റ്റാലിൻ
ചോദിച്ചത് ഇപ്രകാരമാണ്
“മാർപ്പാപ്പയ്ക്ക്
എത്ര ബറ്റാലിയൻ പ
ട്ടാളമുണ്ട്?”
രാജത്വത്തിന്റെ
അടയാളം പട്ടാളമല്ല!

ഇവിടെയാണ് കർത്താവ് തന്റെ രാജത്വത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നത്. “ഞാൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല; മറിച്ച്, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ ബലിയർപ്പിക്കാനുമാണെന്ന്.” ഇത് തന്റെ ശൈലിയാണെങ്കിൽ തന്റെ രാജത്വത്തിന്റെ ശൈലിയും കർത്താവ് വ്യക്തമാക്കുന്നുണ്ട്, “തന്നെതന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെതന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും” (മത്താ 23,12). ക്രിസ്തുവിന്റെ രാജ്യത്തിൽ പങ്കുക്കാരാകണമെങ്കിൽ അടിസ്ഥാനപരമായി നാം സ്വന്തമാക്കേണ്ട മനോഭാവമാണ് കർത്താവ് പറഞ്ഞ് വയ്ക്കുന്നത്. “തന്നെതന്നെ താഴ്ത്തുക. എങ്കിൽ, കർത്താവ് ഉയർത്തും.”

വളരെ രസകരമായ ഒരു കഥ കേട്ടിട്ടുണ്ട്. വീട്ടിൽ അപ്പനും അമ്മയ്ക്കും രണ്ട് ആൺകുട്ടികൾ. ചേട്ടൻ വളരെ പാവമാണ്. എന്നാൽ, അനിയനാകട്ടെ വളരെ കുസൃതിയും ശാഠ്യക്കാരനുമാണ്. ഇവർ രണ്ടുപേർ ചേർന്ന് ഒരു വിധം കളികളെല്ലാം സ്ക്കൂൾ വിട്ട് വന്നാൽ വീട്ടിൽ കളിക്കും. എന്നും നല്ല വേഷങ്ങൾ അനിയന് വേണം. അതിൽ ചേട്ടന് പരാധിയുമില്ല. ഒരു ദിവസം ഒരു പുതിയ കളി അവർ കണ്ടുപിടിച്ചു; അച്ചനും കപ്യാരും... ചേട്ടൻ പറഞ്ഞു, “ഇന്ന് എന്തായാലും ഞാൻ അച്ചൻ. നീ കപ്യാർ. എല്ലാ കളിയിലും നീയല്ലെ നല്ല വേഷങ്ങൾ എടുക്കാറ്!” അനിയൻ ഒന്ന് അലോചിച്ചതിന് ശേഷം പറഞ്ഞു, “ചേട്ടായി അച്ചനാകുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല. പക്ഷെ, കളിയിൽ ഒരു ചെറിയ മാറ്റമുണ്ടാകും. ചേട്ടായി അച്ചനാണെങ്കിൽ ഞാൻ മെത്രാൻ!”

ഇത്തരമൊരു കാലഘട്ടത്തിലാണ് കർത്താവ് പഠിപ്പിക്കുന്നത്, “തന്നെതന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെതന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും” (മത്താ 23,12). “ഇടിച്ചിടിച്ചു നിന്നാൽ പിടിച്ചു പിടിച്ചു കയറാം” എന്നതാണ് നാം നമ്മുടെ മക്കളുടെ മനസിൽ കുത്തി നിറയ്ക്കുന്നത്. ഇത് തന്നെയാണ് വിജയസുക്തുമെന്നും നാം നമ്മുടെ മക്കളെ പറഞ്ഞ് പഠിപ്പിക്കാറുമുണ്ട്. “ആരുടെ കുതികാല് വെട്ടിയിട്ടാണെങ്കിലും ഒന്നാമതെത്തണം” എന്നുള്ള വിജയസുക്തം നമ്മുടെ മക്കളുടെ മനസിൽ കുത്തി നിറയ്ക്കുന്ന കാലഘട്ടത്തിൽ “തന്നെതന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെതന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും” എന്ന ക്രിസ്തുവചനം കൂടുതൽ ആഴത്തിൽ വ്യാഖ്യാനിക്കപ്പെടേണ്ടതുണ്ട്. ഒരുവൻ സ്വയം ഉയർത്തുമ്പോഴല്ല, മറിച്ച്, കർത്താവ് ഉയർത്തുമ്പോഴാണ് അവന്റെ/അവളുടെ ജീവിതം അനുഗ്രഹപൂർണമാകുന്നതെന്ന് നമ്മുടെ

മക്കളെ പറഞ്ഞ് പഠിപ്പിക്കാൻ നാം മറന്ന് പോകരുത്. സ്വയം ഉയർത്തിയവരൊക്കെ ഇടറി വീണിട്ടുണ്ട്. കർത്താവ് ഉയർത്തിയവർ മാത്രമാണ് അനുഗ്രഹമായി എന്നും നില ക്കൊണ്ടിട്ടുള്ളത്.

പൂർവ്വപിതാവായ ജോസഫിന്റെ ജീവിതത്തിലേയ്ക്ക് ഒന്നു നോക്കുക. ദൈവം ഉയർത്തുമ്പോഴാണ് ഒരുവൻ ഉയരുന്നത് എന്നതിന്റെ നേർകാഴ്ച്ചയാണ് ജോസഫ്. സക ലർക്കും മദ്ധ്യേ ശിരസുയർത്തി നിൽക്കുന്ന 'കറ്റ'യായ് തന്നെതന്നെ സ്വപ്നം കണ്ടതിന്റെ ഫലമായി സകലരാലും സ്വസഹോദരൻമാരാലും വെറുക്കപ്പെടാനും പൊട്ടക്കിണറിന്റെ അടിത്തട്ടുവരെ താഴ്ത്തപ്പെടാനും വിധിക്കപ്പെട്ടവൻ. പക്ഷെ, കർത്താവ് അവനെ ഉയർത്താൻ തിരുമാനിച്ചിരുന്നു. പിന്നെ ആർക്കും അതിനെ തടയാൻ സാധിച്ചില്ല. ഈജി പ്തിന്റെ സിംഹാസനത്തിലിരിക്കുമ്പോൾ ജോസഫ് ആത്മഗതം ചെയ്യുന്നുണ്ട്, "ദൈവ മാണ് എന്നെ ഇവിടെ എത്തിച്ചത്" (ഉൽ 45,5).

ഇടയച്ചെറുക്കനായ ദാവിനെ ഇസ്രായേലിലെ ഏറ്റം ശക്തനായ ഭരണാധികാരി യായി ഉയർത്തിയതും കർത്താവ് തന്നെയാണ്. അപ്പോഴും ദാവീദിന്റെ മനോഭാവം ജോസ ഫിന്റേതുപോലെയായിരുന്നു, "കർത്താവ് കൂടെയുണ്ടായിരുന്നു" (ഉൽ 39,2). തന്റെ സിംഹാ സനങ്ങളും വിജയങ്ങളും തന്റെ സൗഭാഗ്യങ്ങളും തന്റെ മാത്രം കഴിവുകൊണ്ടാണെന്ന് അഹംങ്കരിച്ചപ്പോഴാണ് സാവൂൾ കർത്താവിന്റെ മുമ്പിൽനിന്ന് തിരസ്കൃതനാകുന്നത്. ദൈവതിരുമുമ്പിൽ എളിമപ്പെട്ട് "വിക്കനാണെന്ന് പറഞ്ഞ മോശയെ" (പുറ 4,10) ദൈവം ഒരു സമൂഹത്തിന്റെ തന്നെ നേതാവാക്കുന്നു. "ഞാൻ വെറും ബാലനാണ്. സംസാരി ക്കാൻ എനിക്ക് പാടവമില്ല" (ജറ 1,6) എന്നു പറഞ്ഞ് ദൈവതിരുമുമ്പിൽ എളിമയോടെ നിന്ന ജെറമിയായെ കർത്താവ് ഏറ്റവും വലിയ പ്രവാചകൻമാരിൽ ഒരുവനാക്കി.

"തന്നെതന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെതന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (മത്താ 23,12) ഈ തിരുവചനം കാലത്തിന് നിരക്കാത്തതും പുച്ഛിച്ചു തള്ളപ്പെടേണ്ടതുമാണെന്ന് നമുക്ക് തോന്നിയേക്കാം. പക്ഷെ, ചരിത്രം പഠിപ്പിക്കുന്നത്, "ദൈവം ഉയർത്തുന്നവർ മാത്രമാണ് ഉയർത്തപ്പെടുന്നത്" എന്നതാണ്. അതിന്, നാം ചെയ്യേ ണ്ടത്. ദൈവതിരുമുമ്പിൽ എളിയമയോടെ നിൽക്കുക എന്നതുമാത്രമാണ്.

2013 മാർച്ച് 13-ാംതിയ്യതി പുതിയ മാർപ്പാപ്പയായ് തിരഞ്ഞെടുക്കപ്പെട്ട ഫ്രാൻസീസ് മാർപ്പാപ്പ ലോകജനതയെ ആശീർവദിക്കുന്നതിനുമുമ്പ് ലോകത്തിന് മുമ്പിൽ പ്രത്യക്ഷപ്പെട്ട്, ശിരശ് കുനിച്ചുകൊണ്ട് പറഞ്ഞു, "നിങ്ങളെ ആശീർവദിക്കാൻ ശക്തി ലഭിക്കുന്നതിന് വേണ്ടി നിങ്ങൾ എന്നെ പ്രാർത്ഥിച്ച് അനുഗ്രഹിച്ച് ആശീർവദിക്കുവിൻ." ദൈവതിരുമുമ്പിൽ എളിമയോടെ നിന്നവരെ ദൈവം ഉയർത്തിയിട്ടുണ്ട്.

ദൈവത്തെക്കുറിച്ച് നസ്രസ്സിലെ വീട്ടിലിരുന്ന് ഒരു പെൺകുട്ടി ഇപ്രകാരം പാടു ന്നുണ്ട്, "ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്ത് തന്നിരിക്കുന്നു. അവി ടുത്തെ ഭക്തരുടെ മേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കുന്നു. ഹൃദ യവിചാരത്തിൽ അഹംങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തൻമാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി...." (ലൂക്കാ 1,49-52). ഇതിന്റെ അർത്ഥം തേടി മറ്റെവി ടെയും യാത്ര ചെയ്യേണ്ട. "കർത്താവ് ഉയർത്തുന്നെങ്കിൽ മാത്രമെ ഒരുവൻ / ഒരുവൾ ഉയരുകയൊള്ളു."

**എന്നെ ഉയർത്തുന്നത് ആരാണ്? കർത്താവോ അതോ ഞാനോ?**

ആയുധബലംകൊണ്ട്
ആർജ്ജിച്ച
അധികാരത്തിന്റെ
ധാർഷ്ട്യങ്ങളുടെ
നിസാരതയെ
പരിഹസിക്കുന്ന
തിരുനാളാണ്
ഈശോയുടെ
രാജത്വത്തിരുനാൾ...
ക്രിസ്തു,
ഈ ലോകത്തെ
സ്നേഹംകൊണ്ട്
കീഴടക്കിയവൻ...
ആകാശത്തോളം
വലുതാകാൻ
അപ്പത്തോളം
ചെറുതായവൻ...